നമ്പർ: ICPS-3/022429/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS,പൂജപ്പുര,തിരുവനന്തപുരം
തീയതി: 17.03.2017

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS – നിഷ് - ഓൺലൈൻ പരിപാടി കാര്യക്ഷമമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 10.03.2017 ന് സാമൂഹ്യനീതി ഡയറക്ടറുടെ ചേംബറിൽ കൂടിയ യോഗതീരുമാനം.

തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) ന്റെ ആശയവിനിമയ ബോധവൽക്കരണ പ്രോഗ്രാമിന്റെ ഭാഗമായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ നടപ്പിലാക്കി വരുന്ന "Online NISH Interactivity Disability Awareness Seminar (NIDAS) " എല്ലാ മാസവും കൃത്യമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സജ്ജീകരണം ഡി.സി.പി.ഒ മാർ ചെയ്യേണ്ടതാണ്.

മേൽപ്പടി ഓൺലൈൻ പ്രോഗ്രാം ഫലപ്രദമായി നടക്കണമെങ്കിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ വേഗതയേറിയ ഇന്റർനെറ്റ് കണക്ടിവിറ്റി സജ്ജമാക്കേണ്ടതുണ്ട്. വേഗതയേറിയ ഇന്റർനെറ്റ് കണക്ടിവിറ്റി എടുത്താൽ മാത്രമേ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ജില്ലകളിൽ നടത്തുന്ന NIDAS സംബന്ധിച്ച പരിപാടികൾ വ്യക്തമായും തടസ്സം കൂടാതെയും വീക്ഷിയ്ക്കുന്നതിനും പരസ്പരം ആശയവിനിമയം നടത്തുന്നതിനും സാധിയ്ക്കുകയുള്ളു. ആയതിനാൽ നിലവിൽ ഉള്ള ഇന്റർനെറ്റ് കണക്ഷൻ വേഗത കൂടിയ BSNL ന്റെ BBG COMBO UL 1199 എന്ന സ്കീമിലേയ്ക്കോ സമാനമായ BSNL ന്റെ മറ്റ് സ്കീമുകളിലേയ്ക്കോ മാറ്റിയെടുത്ത് പരിപാടികൾ നടത്തുന്നതിന് വേണ്ട നടപടികൾ ഡി.സി.പി.ഒ മാർ സ്വീകരിയ്ക്കേണ്ടതാണ്. ആയതിലേയ്ക്കാവശ്യമായ തുക അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

Harinath B

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ DCPO മാർക്കും

പകർപ്പ്,

1. ICPS – 4.
2. Stock File.